ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:07-04-2025**

## പ്രധാനവാർത്തകൾ

1) ഇന്ത്യ- പോർച്ചുഗൽ ബന്ധം കൂടുതൽ ശക്തമാക്കാൻ ആഗ്രഹിക്കുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമു.

2) വീടുകളിൽ വച്ച് നടക്കുന്ന പ്രസവങ്ങൾക്കെതിരെ സംസ്ഥാനത്ത് ബോധവത്കരണം ശക്തമാക്കുമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്.

3) കൊച്ചി കപ്പൽശാല നിർമിക്കുന്ന ഹരിത ടഗ്ഗുകളുടെ സ്റ്റീൽ കട്ടിംഗ് ചടങ്ങ് ഉദ്ഘാടനം ചെയ്ത് കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ.

4) രാജ്യത്ത് ഗാർഹിക പാചക വാതക സിലിണ്ടറുകളുടെ വില 50 രൂപ വർദ്ധിപ്പിച്ചു.

5) സമരം ചെയ്യുന്ന ആശാ വർക്കർമാരുമായി ചർച്ച നടത്തി തൊഴിൽ മന്ത്രി വി ശിവൻകുട്ടി

6) വൻ ഇടിവിൽ രാജ്യത്തെ ഓഹരി വിപണികൾ.

************

RNU TVPM

## രാഷ്ട്രപതി

ഇന്ത്യ- പോർച്ചുഗൽ ബന്ധം കൂടുതൽ ശക്തമാക്കാൻ ആഗ്രഹിക്കുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമു. പോർച്ചുഗീസ് പ്രസിഡന്റ് മാഴ്സെലോ റെബെലോ ഡിസൂസയുമായുള്ള കൂടിക്കാഴ്ചയ്ക്ക് ശേഷമുള്ള സംയുക്ത വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു രാഷ്ട്രപതി. ചരിത്രപരമായി വളരെ അടുത്ത ബന്ധമാണ് ഇരു രാജ്യങ്ങൾക്കുമിടയിലുള്ളതെന്നും, 50 വർഷത്തെ നയതന്ത്ര ബന്ധം ഇന്ത്യയ്ക്കും പോർച്ചുഗലിനുമിടയിലുണ്ടെന്നും രാഷ്ട്രപതി വ്യക്തമാക്കി. ദ്വിരാഷ്ട്ര പര്യടനത്തിൻറെ ഭാഗമായി ഇന്ന് രാവിലെ പോർച്ചുഗലിലെത്തിയ രാഷ്ട്രപതിക്ക് ഊഷ്മള വരവേൽപ്പാണ് ലഭിച്ചത്. പോർച്ചുഗീസ് പ്രധാനമന്ത്രി ഉൾപ്പെടെയുള്ള നേതാക്കളുമായും ശ്രീമതി മുർമു കൂടിക്കാഴ്ച നടത്തും. രാജ്യത്തെ ഇന്ത്യൻ പ്രവാസി സമൂഹവുമായും രാഷ്ട്രപതി സംവദിക്കും.

RNU TVPM

************

## മന്ത്രി വീണാജോർജ് (INTRO)

സാമൂഹിക, വിദ്യാഭ്യാസ ആരോഗ്യ മേഖലയിലെ മുന്നേറ്റമാണ് സംസ്ഥാനത്തെ കുറഞ്ഞ മാതൃമരണ നിരക്കിന് കാരണമെന്നു മന്ത്രി വീണാജോർജ്. രാജ്യത്ത് മാതൃമരണ നിരക്ക്, ഒരു ലക്ഷത്തിന് 97 എന്ന തോതിലായിരിക്കുമ്പോൾ, കേരളത്തിൽ ഇത് 19 ൽ താഴെ മാത്രമാണെന്നും മന്ത്രി പറഞ്ഞു. വീടുകളിൽ വച്ച് നടക്കുന്ന പ്രസവങ്ങളെ അതീവ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നതെന്നും, ഇതിനെതിരെ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ബോധവത്കരണം നടത്തുമെന്നും മന്ത്രി വ്യക്തമാക്കി.

(വോയിസ് )

************

## സർബാനന്ദ സോനോവാൾ

കൊച്ചി കപ്പൽശാല നിർമിക്കുന്ന രണ്ട് ഹരിത ടഗ്ഗുകളുടെ സ്റ്റീൽ കട്ടിംഗ് ചടങ്ങ് ഉദ്ഘാടനം ചെയ്ത് കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ പങ്കെടുക്കുന്നു. കപ്പൽശാലയിൽ നിർമാണത്തിൽ ഇരിക്കുന്ന സക്ഷൻ ഹോപ്പർ ഡ്രഡ്ജറിൻറെ നിർമാണ പുരോഗതി മന്ത്രി വിലയിരുത്തി. ടെറാമാരിസ്, മിയ വാക്കി വാക്ക് വേകളുടെ സമർപ്പണവും അദ്ദേഹം നിർവഹിച്ചു. ഇന്ത്യൻ മാരിടൈം യൂണിവേഴ്സിറ്റി ക്യാമ്പസിൽ നടന്ന മറ്റൊരു ചടങ്ങിൽ വനിത ഹോസ്റ്റൽ - ലൈബ്രറി കെട്ടിടത്തിൻ്റെ ശിലാസ്ഥാപനവും കേന്ദ്ര മന്ത്രി നിർവഹിച്ചു.

************

RNU TVPM

## എൽപിജി വില

ഗാർഹിക പാചക വാതക സിലിണ്ടറുകളുടെ വില 50 രൂപ വർദ്ധിപ്പിച്ച് കേന്ദ്ര സർക്കാർ. പുതുക്കിയ വില നാളെ മുതൽ പ്രാബല്യത്തിൽ വരുമെന്ന് കേന്ദ്ര പെട്രോളിയം മന്ത്രി ഹർദീപ് സിങ്ങ് പുരി അറിയിച്ചു. ഉജ്വല യോജന ഗുണഭോക്താക്കൾ സിലിണ്ടറൊന്നിന് 550 രൂപയും, മറ്റുള്ളവർ 853 രൂപയുമാണ് ഇനി മുതൽ നൽകേണ്ടത്. പെട്രോളിൻറെയും ഡീസലിൻറെയും എക്സൈസ് തീരുവ ലിറ്ററിന് രണ്ട് രൂപ വച്ച് വർദ്ധിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. തീരുമാനം ഉപഭോക്താക്കളെ ബാധിക്കില്ലെന്നും, പെട്രോളിൻറെയും ഡീസലിൻറെയും ചില്ലറ വിൽപന വിലയിൽ മാറ്റമുണ്ടാകില്ലെന്നും ഇന്ധന വിതരണ കമ്പനികൾ അറിയിച്ചിട്ടുണ്ട്.

************

## മുനമ്പം

മുനമ്പം ജുഡീഷ്യൽ കമ്മീഷൻറെ നിയമനം റദ്ദാക്കിയ സിംഗിൾ ബെഞ്ച് നടപടി സ്റ്റേ ചെയ്ത് ഹൈക്കോടതി ഡിവിഷൻ ബെഞ്ച്. കമ്മീഷന് തൽക്കാലം പ്രവർത്തനം തുടരാമെന്ന്

കോടതി വ്യക്തമാക്കി. സിംഗിൾ ബെഞ്ച് ഉത്തരവിനെതിരെ സംസ്ഥാന സർക്കാർ സമർപ്പിച്ച അപ്പീലിലാണ് ചീഫ് ജസ്റ്റിസ് നിതിൻ ജാംദാർ , ജസ്റ്റിസ് എസ് മനു എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ചിൻ്റെ ഇടക്കാല ഉത്തരവ്. ജുഡീഷ്യൽ കമ്മീഷൻ സംസ്ഥാന സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ, കോടതിയുടെ അനുമതിയില്ലാതെ നടപടി എടുക്കരുതെന്നും ഡിവിഷൻ ബെഞ്ച് നിർദ്ദേശിച്ചു. .

************

## മന്ത്രി വി ശിവൻകുട്ടി - ആശാ വർക്കർ

വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സെക്രട്ടേറിയറ്റിനു മുന്നിൽ സമരം ചെയ്യുന്ന ആശാ വർക്കർമാരുമായി തൊഴിൽ മന്ത്രി വി ശിവൻകുട്ടി ഇന്ന് ചർച്ച നടത്തി. തിരുവനന്തപുരത്ത് മന്ത്രിയുടെ ചേമ്പറിൽ ആയിരുന്നു ചർച്ച. ആശാ വർക്കർമാരുടെ കാര്യത്തിൽ കമ്മീഷൻ പഠനം നടത്തി റിപ്പോർട്ട് നൽകാനുള്ള സമയപരിധി 3 മാസത്തിൽ നിന്നും, ഒരു മാസം ആക്കുന്ന കാര്യം ചർച്ച ചെയ്യാം എന്ന് മന്ത്രി പറഞ്ഞതായി സമര സമിതി നേതാക്കൾ അറിയിച്ചു . വിഷയത്തിൽ ആരോഗ്യ മന്ത്രിയുമായി ചർച്ച നടത്തുമെന്ന് തൊഴിൽ മന്ത്രി പറഞ്ഞതായും സമരസമിതി വ്യക്തമാക്കി. ഓണറേറിയം കൂട്ടുന്നതും വിരമിക്കൽ ആനുകൂല്യം പ്രഖ്യാപിക്കുന്നതും അടക്കമുള്ള ആവശ്യങ്ങളിൽ അനുകൂല തീരുമാനമെടുത്ത് ഉത്തരവിറക്കാതെ സമരത്തിൽ നിന്ന് പിന്മാറില്ലെന്നാണ് സമരസമിതിയുടെ നിലപാട്.

************

## മാലിന്യമുക്തം - എം ബി രാജേഷ് (ഇൻട്രോ)

കെ സ്മാർട്ട് സംവിധാനം കേരളത്തിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലേക്കും വിന്യസിക്കുന്നതിൻ്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഈ മാസം 10 ന് നിർവ്വഹിക്കും. തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന

RNU TVPM

സേവനങ്ങൾ ഏകീകൃത പ്ലാറ്റ്ഫോമിലൂടെ ലഭ്യമാക്കുന്ന പദ്ധതിയാണിതെന്ന് മന്ത്രി എംബി രാജേഷ് വ്യക്തമാക്കി.

(ഹോൾഡ് വോയ്സ്.......)

************

## വൃത്തി കോൺക്ലേവ്

വൃത്തി 2025 ദേശീയ കോൺക്ലേവ്  മുഖ്യമന്ത്രി പിണറായി വിജയൻ മറ്റന്നാൾ തിരുവനന്തപുരം
കനകക്കുന്നിൽ ഉദ്ഘാടനം ചെയ്യും. മാലിന്യ സംസ്കരണത്തിൽ സംസ്ഥാനം കൈവരിച്ച മുന്നേറ്റങ്ങളും, ഭാവി പദ്ധതികളും 5 ദിവസത്തെ കോൺക്ലേവ് ചർച്ച ചെയ്യും. മാലിന്യ നിർമാർജനത്തിൽ കേരളം മാതൃകയാണെന്ന് ശ്രീ എം.ബി രാജേഷ് പറഞ്ഞു. മാലിന്യം വലിച്ചെറിയുന്നത് സംബന്ധിച്ച് വിവരം നൽകുന്നതിന് ആരംഭിച്ച വാട്ട്സ്അപ്പ് നമ്പറിലൂടെ മാർച്ച് 31 വരെ 5,762 പരാതികൾ ലഭിച്ചതായും മന്ത്രി അറിയിച്ചു .

************

## പെരുമ്പാവൂർ സ്വദേശിനി അസ്മ

പെരുമ്പാവൂർ സ്വദേശിനി അസ്മ, വീട്ടിലെ പ്രസവത്തെ തുടർന്ന് മലപ്പുറത്ത് മരിക്കാൻ ഇടയായത് രക്തം വാർന്നതിനാലും യഥാസമയം ചികിത്സ ലഭിക്കാത്തതിനാലും ആണെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ട് . പ്രസവ ശേഷം ആവശ്യമായ പരിചരണം നൽകിയിരുന്നെങ്കിൽ യുവതിയുടെ ജീവൻ രക്ഷിക്കാമായിരുന്നുവെന്നും പോസ്റ്റ്മാർട്ടം റിപ്പോർട്ടിൽ പറയുന്നു. റിപ്പോർട്ട് മലപ്പുറം പോലീസിന് കൈമാറും.

************

## ഹർജി തള്ളി

നടിയെ ആക്രമിച്ച കേസിൽ സിബിഐ അന്വേഷണം വേണമെന്ന് ആവശ്യപ്പെട്ട് കേസിലെ പ്രതിയായ നടൻ ദിലീപ് സമർപ്പിച്ച ഹർജി ഹൈക്കോടതി ഡിവിഷൻ ബെഞ്ച് തള്ളി.

PNU TVPM

സിംഗിൾ ബെഞ്ച് ഇതേ ആവശ്യം തള്ളിയതിനെതിരെ ദിലീപ് സമർപ്പിച്ച ഹർജിയിലാണ് ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ്.

************

## ചോദ്യം ചെയ്തു

പ്രമുഖ ബിസിനസുകാരനും സിനിമാ നിർമ്മാതാവുമായ ഗോകുലം ഗോപാലനെ എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് കൊച്ചിയിലെ ഓഫീസിലേക്ക് വിളിച്ചുവരുത്തി ചോദ്യം ചെയ്തു. കഴിഞ്ഞ ദിവസവും ഗോകുലം ഗോപാലന്റെ വിവിധ സ്ഥാപനങ്ങളിൽ ഇ ഡി റെയ്ഡ് നടത്തുകയും അദ്ദേഹത്തെ ചോദ്യം ചെയ്യുകയും ചെയ്തിരുന്നു.

************

## നിലമ്പൂർ ഉപതിരഞ്ഞെടുപ്പ്

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിനായി മണ്ഡലത്തിൽ 263 പോളിംഗ് ബൂത്തുകൾ ക്രമീകരിക്കും.
പുതിയതായി 59 പോളിംഗ് ബൂത്തുകൾ കൂടിയാണ് ക്രമീകരിക്കുന്നത്. പുതിയ പോളിംഗ് ബൂത്തുകളിൽ ബൂത്ത് ലെവൽ ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

************

## ശിവൻകുട്ടി- വ്യായാമം

സ്കൂളുകളിൽ വിദ്യാർഥികളുടെ വ്യായാമം ഉറപ്പുവരുത്താൻ പൊതു വിദ്യാഭ്യാസ വകുപ്പ് പ്രത്യേക കർമ്മ പദ്ധതി നടപ്പാക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി. ഇതിൻറെ ഭാഗമായി ലോക സൂംബാ ദിനമായ ഏപ്രിൽ 29ന് തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ ആയിരം വിദ്യാർത്ഥികളുടെ മെഗാ സൂംബാ ഡിസ്പ്ലേ സംഘടിപ്പിക്കും.

************

## ഓഹരി /സ്വർണവില

രാജ്യത്തെ ഓഹരി വിപണികളിൽ വൻ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 2,227 പോയിൻറ് നഷ്ടത്തിൽ 73,138 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 743 പോയിൻറ്

RNU TVPM

നഷ്ടത്തിൽ 22,162ലും വ്യാപാരം അവസാനിപ്പിച്ചു. യുഎസ് പകരച്ചുങ്കത്തെ തുടർന്ന് രാജ്യാന്തര ഓഹരി വിപണിയിലുണ്ടായ തകർച്ച ഇന്ത്യൻ മാർക്കറ്റുകളിലും പ്രതിഫലിക്കുകയായിരുന്നു.

സ്വർണവിലയിൽ ഇടിവ്. പവന് 200 രൂപ കുറഞ്ഞ് 66,280 രൂപയും ഗ്രാമിന് 25 രൂപ കുറഞ്ഞ് 8,285 രൂപയുമാണ് ഇന്നത്തെ വില.

************

## കാലാവസ്ഥ - മഞ്ഞ ജാഗ്രത

ബംഗാൾ ഉൾക്കടലിലെ ന്യൂനമർദ്ദത്തിൻറെ സ്വാധീനത്താൽ, സംസ്ഥാനത്തു ഇന്നും നാളേയും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഇടിമിന്നലോടു കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകളിൽ ഇന്നും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രത നിർദ്ദേശം നൽകിയിട്ടുണ്ട്

************

RNU TVPM

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ, ഇന്ന് മുംബൈ ഇന്ത്യൻസ് - റോയൽ ചലഞ്ചേഴ്സ് ബംഗളുരുവിനെ നേരിടും. രാത്രി 7.30 നു മുംബൈയിലാണ് മത്സരം

************

## ഐബി ഉദ്യോഗസ്ഥ മരണം

ഐബി ഉദ്യോഗസ്ഥയുടെ മരണത്തിൽ അന്വേഷണം പുരോഗമിക്കുന്നതായും, സഹപ്രവർത്തകൻ സുകാന്തിനെതിരെ സാമ്പത്തിക തട്ടിപ്പിന് കേസ് എടുത്തിട്ടുണ്ടെന്നും പോലീസ്. സുകാന്തും മാതാപിതാക്കളും ഒളിവിലാണ്. ഇയാൾക്കായി ലുക്ക് ഔട്ട് നോട്ടീസ് നൽകിയിട്ടുണ്ടെന്നും കേരളത്തിന് പുറത്തും അന്വേഷണം നടക്കുന്നതായും തിരുവന്തപുരം DCP അറിയിച്ചു.

************

## കന്നുകാലി സെൻസസ്

സംസ്ഥാനത്ത് കന്നുകാലി സെൻസസ് ഈ മാസം15 വരെ നീട്ടി. ഒക്ടോബർ 25 ന് തുടങ്ങിയ വിവരശേഖരണം മാർച്ച് 31ന് പൂർത്തിയാക്കാനായിരുന്നു ലക്ഷ്യമെങ്കിലും ഇടുക്കി, തൃശൂർ, വയനാട് ജില്ലകളിൽ മാത്രമാണിത് പൂർത്തിയായത്.

************

## മന്ത്രി വി ശിവൻകുട്ടി-എട്ടാം ക്ലാസ്

എട്ടാം ക്ലാസിൽ ഏതെങ്കിലും വിഷയത്തിൽ സബ്ജക്ട് മിനിമം നേടാത്ത വിദ്യാർത്ഥികൾ 21 ശതമാനം പേരാണെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി. . ഈ മാസം 25 മുതൽ 28 വരെ പുനഃപരീക്ഷയും 30ന് ഫലപ്രഖ്യാപനവും നടത്തുമെന്ന് മന്ത്രി അറിയിച്ചു.

************

## കാട്ടാന ആക്രമണം

മറയൂരിൽ കാട്ടാന ആക്രമണത്തിൽ ഒരാൾക്ക് പരിക്ക്. മറയൂർ പെരടിപ്പള്ളം സ്വദേശി മുനിയസ്വാമി ആണ് ആക്രമണത്തിൽ പരിക്കേറ്റ് അടിമാലി താലൂക്കാശുപത്രിയിൽ ചികിത്സയിൽ കഴിയുന്നത്.

************

**********

***

RNU TVPM